"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - 2019 ലെ പ്രളയത്തിൽ ബാധിക്കപ്പെട്ട ശ്രീ. രാഘവൻ പി.കെ.യ്ക്ക് അടിയന്തര ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.102/2026/DMD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.715/2020/DMD തീയതി 14.09.2020
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 20.12.2024 തീയതിയിലുള്ള DCTSR/4770/2019-K1 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.03.2025 തീയതിയിലുള്ള LR/596/2025-LR(H2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019 ലെ പ്രളയത്തിൽ ശ്രീ. രാഘവൻ പി.കെ., പെരിങ്ങാടൻ ഹൗസ്, പാവറട്ടി, തൃശ്ശൂർ ജില്ല എന്നവരുടെ വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് അടിയന്തര ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(2) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. പരാമർശം(3) പ്രകാരം പ്രകാരം 2019 ലെ പ്രളയത്തിൽ വീടിനുള്ളിൽ വെള്ളം കയറിയത് സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും, വീടിന് ഘടനാപരമായ നാശനഷ്ടം സംഭവിച്ചിട്ടില്ലെന്നും അപേക്ഷകന്റെ പേര് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (Rebuild Kerala Initiative) ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ലെന്നും, പരാമർശം(1)ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടാതിരുന്ന അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചിരുന്നതുപോലെ, അപേക്ഷകനും ₹10,000/- (രൂപ പത്ത് ആയിരം മാത്രം) അടിയന്തര ധനസഹായമായി അനുവദിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടും ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശയും പരിഗണിച്ച്, 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ശ്രീ. രാഘവൻ പി.കെ., പെരിങ്ങാടൻ ഹൗസ്, പാവറട്ടി, തൃശ്ശൂർ ജില്ല എന്നിവർക്കു അനുവദിക്കുന്നതിന്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94 — F (Other Items) എന്ന ശീർഷകത്തിൽ നിന്ന് ₹10,000/- ( പതിനായിരം രൂപ മാത്രം) തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിച്ച ഉത്തരവാകുന്നു.

3) തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൈമാറാനുള്ള നടപടികൾ ദുരന്ത നിവാരണവകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റ്

പ്രൊവിഷനിൽ നിന്ന് ഈ തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, തൃശ്ശൂർ
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vincent U**
**Date: 24-02-2026 15:54:28**
സെക്ഷൻ ഓഫീസർ